പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 21

# 2016-ലെ കേരള അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

836/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 21

# 2016-ലെ കേരള അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥപനങ്ങളിലെ അദ്ധ്യാപകരുടെയും, അനദ്ധ്യാപക ജീവനക്കാരുടെയും വേതനം നാമമാത്രമായതിനാൽ അവർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും മറ്റ് ചൂഷണങ്ങൾ തടയുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനും വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപക ജീവനക്കാരുടെയും വേതനം നാമമാത്രമായതിനാൽ അവർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും മറ്റ് ചൂഷണങ്ങൾ തടയേണ്ടതും അനിവാര്യമായി തീർന്നിരിക്കുന്നതിനാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തി ഏഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(എ) ഈ ആക്റ്റിന് 2016-ലെ കേരള അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(ബി) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(സി) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റുവിധത്തിൽ വിവക്ഷിക്കപ്പെടാത്ത പക്ഷം,—

(എ) 'ആക്റ്റ്' എന്നാൽ 2016-ലെ കേരള അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ആക്റ്റ് എന്നാകുന്നു;

(ബി) 'വേതന നിർണ്ണയ സമിതി' എന്നാൽ സർക്കാർ നിശ്ചയിക്കുന്ന താഴെ പറയുന്ന അഞ്ച് അംഗങ്ങൾ അടങ്ങുന്ന സമിതി എന്നാകുന്നു:

(1) തൊഴിൽ വകുപ്പ് സെക്രട്ടറി;

(2) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി;

(3) പൊതുവിദ്യാഭ്യാസ ഡയറക്ടർ;

(4) ഹയർ സെക്കൻഡറി ഡയറക്ടർ;

(5) തൊഴിൽ വകുപ്പ് കമ്മീഷണർ;

(സി) 'തൊഴിൽ ദാതാവ്' എന്നാൽ ഒരു അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനം നടത്തുന്ന ഉടമസ്ഥനോ അല്ലെങ്കിൽ സൊസൈറ്റികൾ, സംഘടനകൾ എന്നിവ നടത്തുന്ന സ്ഥാപനമാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നിയന്ത്രണം നിയമപ്രകാരം ഏൽപ്പിച്ചുകൊടുത്തിട്ടുള്ള വ്യക്തിയോ ആകുന്നു;

(ഡി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) 'വിജ്ഞാപനം' എന്നാൽ സംസ്ഥാന സർക്കാർ ഗസറ്റിലൂടെ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഫ്) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നാകുന്നു;

(ജി) 'അദ്ധ്യാപകർ' എന്നാൽ അദ്ധ്യാപനം നടത്തുന്ന വ്യക്തി (പ്രിൻസിപ്പലോ ഹെഡ്മാസ്റ്ററോ ഉൾപ്പെടെ) എന്നാകുന്നു;

(എച്ച്) 'അനദ്ധ്യാപകർ' എന്നാൽ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ ഒഴിച്ചുള്ള മറ്റ് ജീവനക്കാർ എന്നർത്ഥമാകുന്നു;

(ഐ) 'അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ' എന്നാൽ 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XIVAA-യിൽ പറയും പ്രകാരമുള്ള സർക്കാർ അംഗീകൃത അൺഎയിഡഡ് സ്കൂളുകൾ എന്നർത്ഥമാകുന്നു. കൂടാതെ

സമയാ സമയങ്ങളിൽ സർക്കാർ ഉത്തരവുകളിലൂടെ അംഗീകാരം നേടുന്ന അൺഎയിഡഡ് സ്കൂളുകൾ ഉൾപ്പെടെ ഉള്ളവയാകുന്നു.

3. അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ.—(എ) ഈ ആക്റ്റിന്റെ വകുപ്പ് 2 (ബി)-യിൽ പറഞ്ഞിട്ടുള്ള വേതന നിർണ്ണയ സമിതി യോഗം ചേർന്ന് അൺഎയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിച്ച് ഔദ്യോഗിക വിജ്ഞാപനത്തിലൂടെ പ്രഖ്യാപിക്കേണ്ടതാണ്.

(ബി) ഈ നിർണ്ണയിച്ചിട്ടുള്ള വേതനം അഞ്ച് വർഷം കൂടുമ്പോൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതിന് മേൽ സൂചിപ്പിച്ച വേതന നിർണ്ണയ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

4. അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗ്രേഡ് നിശ്ചയിക്കൽ.—കുട്ടികളുടെ എണ്ണം, വരുമാനം എന്നീ ഘടകങ്ങൾക്കനുസൃതമായി സ്ഥാപനങ്ങളെ തരംതിരിക്കേണ്ടതാണ്. ഇപ്രകാരമുള്ള തരംതിരിച്ച സർട്ടിഫിക്കറ്റ് പരിശോധനകൾക്കനുസൃതമായി സർക്കാർ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

5. വേതന വിതരണം.—(എ) പ്രതിമാസ വേതനം അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ബാങ്ക് അക്കൗണ്ടിൽ തൊഴിൽ ദാതാവ് ഓരോ മാസവും അഞ്ചാം തീയതിക്കുമുമ്പായി നിക്ഷേപിക്കേണ്ടതാണ്.

(ബി) ജീവനക്കാരുടെ ബാങ്ക് അക്കൗണ്ട് സംബന്ധമായ ഏതെങ്കിലും രേഖയോ ഒപ്പിട്ടതോ അല്ലാത്തതോ ആയ ചെക്കുകളോ ഒരു കാരണവശാലും തൊഴിൽ ദാതാവ് കൈവശം വയ്ക്കുവാൻ പാടില്ലാത്തതാണ്.

6. ജീവനക്കാരെ തരംതിരിക്കൽ.—വേതനം നിർണ്ണയിക്കുമ്പോൾ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സീനിയോറിറ്റി പരിഗണിക്കേണ്ടതാണ്. സീനിയോറിറ്റി മാനദണ്ഡമാക്കി ജീവനക്കാരെ മൂന്ന് കാറ്റഗറി ആക്കി തരംതിരിക്കേണ്ടതാണ്.

7. പരാതി പരിഹാര സെൽ.—ഈ ആക്റ്റിലെ 3 വകുപ്പ് പ്രകാരം വേതന നിർണ്ണയ സമിതി പ്രഖ്യാപിച്ചിട്ടുള്ള വേതനം അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് നൽകുവാൻ തൊഴിൽ ദാതാവ് ബാധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തുന്ന തൊഴിൽ ദാതാവിനെതിരെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് ജില്ലാ കളക്ടർക്ക് പരാതി നൽകുവാൻ അവസരമുണ്ടായിരിക്കും.

(എ) ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ ജില്ലാ കളക്ടർ അന്വേഷണം നടത്തേണ്ടതും നിയമാനുസൃതമായി വേതനം നൽകുവാൻ സ്ഥാപന ഉടമയായ തൊഴിൽ ദാതാവിനോട് രേഖാമൂലം നിർദ്ദേശിക്കേണ്ടതുമാണ്.

(ബി) രേഖാമൂലമുള്ള നിർദ്ദേശവും പാലിക്കാത്ത സ്ഥാപനങ്ങളെക്കുറിച്ച് ജില്ലാ കളക്ടർ വേതന നിർണ്ണയ സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും വേതന നിർണ്ണയ സമിതിയുടെ ശിപാർശയുടെ പശ്ചാത്തലത്തിൽ സർക്കാരിന് ഇത്തരം സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കാവുന്നതാണ്.

(സി) 7-ാം വകുപ്പ് പ്രകാരം പരാതി നൽകിയതിന്റെ പേരിൽ തൊഴിൽ ദാതാവ് ഏതെങ്കിലും പ്രതികാരനടപടി സ്വീകരിച്ചു എന്ന് ജില്ലാ കളക്ടറുടെ അന്വേഷണത്തിൽ ബോധ്യമായാൽ, ആ നടപടി റദ്ദ് ചെയ്യുവാൻ ജില്ലാ കളക്ടർ രേഖാമൂലം നിർദ്ദേശം നൽകേണ്ടതും അത് അവഗണിക്കുന്ന സാഹചര്യത്തിൽ ആയതിന് പരാതികക്ഷിക്ക് നൽകേണ്ട നഷ്ടപരിഹാരത്തുകകൂടി നിശ്ചയിച്ച് വേതന നിർണ്ണയ സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും രജിസ്റ്റർ.—ഈ ആക്റ്റിന്റെ പരിധിയിൽ ഓരോ തൊഴിൽ ദാതാവും തങ്ങളുടെ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപക ജീവനക്കാരുടേയും പേരുവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും സ്ഥാപനത്തിന്റെ ഒരു ഭാഗത്ത് ഏവർക്കും കാണുംവിധം പ്രദർശിപ്പിക്കേണ്ടതുമാണ്.

9. പരിശോധകർ.—സർക്കാരിന് ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും മറ്റും പരിശോധിക്കുന്നതിന് പരിശോധകരെ നിയമിക്കാവുന്നതാണ്. ഇതിനുവേണ്ടി ആ പ്രദേശങ്ങളിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പരിശോധകർക്ക് തൊഴിൽ ദാതാവും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരും തമ്മിലുള്ള പ്രശ്നങ്ങളിൽ പ്രാഥമികമായി ഇടപെടുവാനും അനുരഞ്ജനം ഉണ്ടാക്കാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

10. ശിക്ഷാ നടപടികൾ.—ഈ ആക്റ്റിൽ പറയുന്ന വേതനം അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് നൽകാതിരിക്കുകയോ ഈ ആക്റ്റിലെ മറ്റു വകുപ്പുകൾ പാലിക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരു തൊഴിൽ ദാതാവും മൂന്ന് മാസം തടവ് ശിക്ഷയോ 50,000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും.

11. ക്രിമിനൽ കേസെടുക്കുവാനുള്ള അധികാരം.—വകുപ്പ് (10) പ്രകാരമുള്ള ജീവനക്കാരുടെ പരാതികളിൽ കേസെടുക്കുവാനുള്ള അധികാരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾക്കായിരിക്കുന്നതാണ്.

12. ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം.—(1) ഈ നിയമം നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ, ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗംവരാത്തവിധം പുറപ്പെടുവിക്കുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ബിൽ പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ 14 ദിവസത്തേക്ക്, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാം, വയ്ക്കേണ്ടതും യഥാവിധി അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം റദ്ദാക്കേണ്ടതാണ് എന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതത് സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും, ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗംവരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നമ്മുടെ സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ അൺഎയിഡഡ് വിദ്യാഭ്യാസ മേഖല അവഗണിക്കാൻ കഴിയാത്ത ഒന്നാണ്. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും മറ്റും ചെറുതല്ലാത്ത പങ്ക് ഇവർ വഹിച്ചിട്ടുണ്ട്. ആയിരക്കണക്കിന് അഭ്യസ്തവിദ്യർ ഇത്തരം സ്ഥാപനങ്ങളിൽ അദ്ധ്യാപകരായും കുറച്ചുപേരെങ്കിലും അനദ്ധ്യാപകരായും ജോലി ചെയ്യുന്നുണ്ട്. ഈ അദ്ധ്യാപകർ ബിരുദവും ബിരുദാനന്തരബിരുദവും അദ്ധ്യാപകരാകുവാനുള്ള മറ്റ് യോഗ്യതകളും നേടിയവരുമാണ്. എന്നാലിവർക്ക് വളരെ തുച്ഛമായ വേതനമാണ് പല സ്കൂളുകളിൽനിന്നും ലഭിക്കുന്നത്. ഇക്കാര്യത്തിൽ യാതൊരു മാനദണ്ഡമോ സർക്കാർ നിർദ്ദേശങ്ങളോ പാലിക്കപ്പെടുന്നില്ല. ഇവർക്ക് മാന്യമായ മിനിമം വേതനം നിയമംമൂലം ഉറപ്പ് വരുത്തേണ്ടതും മറ്റ് ജോലി സംബന്ധമായ സംരക്ഷണം ലഭിക്കേണ്ടതും അത്യാവശ്യമാണ്. വലിയ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടും മാന്യമായ വേതനവും തൊഴിൽ സംരക്ഷണവും ലഭിക്കാതെ ഇവർ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയും പ്രയാസവും ഒരു പരിഷ്കൃത സമൂഹത്തിനും കണ്ടില്ലെന്നു നടിക്കാനാവില്ല. ആയതിനാൽ ഇത്തരം ഒരു നിയമനിർമ്മാണം അത്യാവശ്യമാണ്. ഇത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണീ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ നിയമം നടപ്പാക്കുന്നതിന് പ്രത്യേകമായി ജീവനക്കാരെ നിയമിക്കേണ്ടി വരുന്നില്ല. സംസ്ഥാനത്തെ സഞ്ചിതനിധിയിൽനിന്ന് ഇത് നടപ്പാക്കുന്നതിന് ഏതെങ്കിലും വിധത്തിൽ അധിക ചെലവ് വരുന്നില്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 2-ാം വകുപ്പ്, 3-ാം വകുപ്പ്, 12-ാം വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരമുണ്ടായിരിക്കും. ഇപ്രകാരമുണ്ടാകുന്ന ചട്ടങ്ങൾ സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എൻ. ഷംസുദ്ദീൻ, എം. എൽ. എ.